**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 447** **21-07-2022 - ൽ മറുപടിയ്ക്ക്**

**വി.എഫ്.പി.സി.കെ. യുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ കെ ആൻസലൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പഴം, പച്ചക്കറി ഉല്പാദനത്തിൽ സുസ്ഥിര നേട്ടം കൈവരിക്കുന്നതിനായി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള നടത്തുന്ന പ്രവർത്തനങ്ങളെ കുറിച്ച് അറിയിക്കാമോ; | (എ) | പഴം-പച്ചക്കറി ഉൽപാദനത്തിൽ സുസ്ഥിര നേട്ടം കൈവരിക്കുന്നതിനായി വി.എഫ്.പി.സി.കെ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിശ്ചിത നിലവാരമുള്ള വിത്ത്, വളം, കാർഷികോപകരണങ്ങൾ, ജൈവ കീടനിയന്ത്രണകാരികൾ എന്നിവ ലഭ്യമാക്കാനായി വി.എഫ്.പി.സി.കെ. കൃഷി വാണിജ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇവ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | ഉണ്ട്. ഗുണമേന്മയുള്ള വിത്ത്, വളം, കാർഷികോപകരണങ്ങൾ, ജൈവ കീടനിയന്ത്രണകാരികൾ എന്നിവ ലഭ്യമാക്കുന്നതിനായി വി.എഫ്.പി.സി.കെ യുടെ കീഴിൽ തിരുവനന്തപുരത്ത് ആനയറ, എറണാകുളത്ത് കാക്കനാട്, കാസർഗോഡ് വിദ്യാനഗർ എന്നിവിടങ്ങളിൽ കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഈ വാണിജ്യ കേന്ദ്രങ്ങൾ വഴി ജൈവവളം, ജീവാണുവളം, വളർച്ചാ ത്വരകങ്ങൾ, ജൈവകീടനാശിനികൾ എന്നിവയടങ്ങുന്ന സസ്യ സംരക്ഷണ ഉല്പാദനോപാധികളുടെ ഉല്പന്നങ്ങൾ ലഭ്യമാക്കി വരുന്നു. മറ്റ് ജില്ലകളിൽ സ്ഥല ലഭ്യതയ്ക്കനുസരിച്ച് കൃഷി ബിസിനസ്സ് കേന്ദ്രകൾ ആരംഭിക്കുന്നതാണ്. |
| (സി) | പഴം, പച്ചക്കറികളുടെ കയറ്റുമതിക്കായി വി.എഫ്.പി.സി.കെ. നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്? | (സി) | കേരളത്തിലെ കാർഷിക കയറ്റുമതി നയം നടപ്പിലാക്കുന്നതിന് നോഡൽ ഏജൻസിയായി വി.എഫ്.പി.സി.കെയെയാണ് സർക്കാർ തെരഞ്ഞെടുത്തിരിക്കുന്നത്. നോഡൽ ഏജൻസി എന്ന നിലയിൽ കൗൺസിൽ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കാർഷിക കയറ്റുമതി നയത്തിന്റെ സ്ഥാപന സംവിധാനത്തിന്റെ ഭാഗമായി വാണിജ്യവകുപ്പ്, കേന്ദ്ര ഗവൺമെന്റ്, സംസ്ഥാന സർക്കാർ എന്നിവ തമ്മിലുള്ള ഏകോപനവും വ്യാപാരസംബന്ധമായ പ്രശ്നങ്ങൾ, ലോജിസ്റ്റിക്സ്, കാർഷിക സേവന |

കയറ്റുമതി തുടങ്ങിയവയുടെ അവലോകനം മുതലായവ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന തല എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് സംസ്ഥാന തല എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

2. അപേഡയിൽ നിന്നും ലഭിച്ച നിർദ്ദേശം അനുസരിച്ച്, കേരളത്തിലെ കാർഷിക കയറ്റുമതി നയത്തിന്റെ ഭാഗമായുള്ള സെൻട്രൽ സെക്ടർ പ്രോജക്റ്റ് പ്രകാരം 2020-21 വർഷത്തേയ്ക്കുള്ള കുരുമുളക്, ഏലം, മഞ്ഞൾ, വാഴ എന്നീ ഉൽപ്പന്ന ക്ലസ്റ്ററുകളുടെ രൂപീകരണത്തിന് 883 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതിൻപ്രകാരം വാഴ ക്ലസ്റ്റർ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ വി.എഫ്.പി.സി.കെ യാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. തൃശ്ശൂർ, വയനാട്, തിരുവനന്തപുരം ജില്ലകളിൽ ബനാന ക്ലസ്റ്റർ രൂപീകരിക്കുകയും ക്ലസ്റ്റർ ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിക്കുകയും നിലവിലുള്ള കയറ്റുമതി അധിഷ്ഠിത വാഴകൃഷിയ്ക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളും പോരായ്മകളും വിലയിരുത്തുകയും ചെയ്തു. ക്ലസ്റ്റർ തലത്തിലുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്യുവാനും റോഡ് മാപ്പ് തയ്യാറാക്കുന്നതിനുമായി പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ കൃഷിയുമായി ബന്ധപ്പെട്ട കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, എഫ്.പി.ഒ.കൾ, നബാർഡ് തുടങ്ങിയവരുമായി സഹകരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് വരുന്നു. ഈ ജില്ലകളിൽ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് എഫ്.പി.ഒ കളും രൂപീകരിച്ചിട്ടുണ്ട്.

ഇതിന്റെ ഭാഗമായി നോഡൽ ഏജൻസി എന്ന നിലയിൽ അപേഡയുടെ സഹായത്തോടെ 240 കർഷകർക്കും 270 ഉദ്യോഗസ്ഥർക്കും കയറ്റുമതി സംബന്ധിച്ച പരിശീലനങ്ങളും 60 കർഷകരെ ഉൾപ്പെടുത്തി പഠനയാത്രകളും സംഘടിപ്പിച്ചു. കുരുമുളക്, ഏലം, മഞ്ഞൾ എന്നിവയുടെ ക്ലസ്റ്റർ രൂപീകരണത്തിന് അനുവാദം ലഭ്യമായിട്ടില്ല.

3. കോവിഡ് കാലത്ത് കേരളത്തിലെ കയറ്റുമതിയുടെ നോഡൽ ഏജൻസി എന്ന നിലയിൽ എക്സ്പോർട്ടേഴ്സിന്റെ ബുദ്ധിമുട്ടുകൾ അപേഡയെ അറിയിക്കുന്നതിനും കയറ്റുമതി പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനായി

| | | | | |
|---|---|---|---|---|
| | | | | എക്സ്പോർട്ടർമാർക്ക് പാസ്സുകൾ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>4. കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് കയറ്റുമതി മൂല്യമുള്ള ഉൽപന്നങ്ങളുടെ ഉൽപാദനം, GAP/PGS മാനദണ്ഡങ്ങളനുസരിച്ചും NRCB Trichy നൽകിയ സീ-ഷിപ്പ്മെന്റ് പ്രോട്ടോകോൾ പ്രകാരവും നടപ്പിലാക്കുന്നതിന് 2020-21 വർഷം കൗൺസിൽ മുന്തിയ പരിഗണന നൽകുകയുണ്ടായി. അതിൻപ്രകാരം യു.കെ യിലേയ്ക്ക് ഒരു കണ്ടെയ്നർ നേന്ത്രക്കായ വിജയകരമായി കയറ്റുമതി ചെയ്യുകയും ചെയ്തു. ഇതിനെ തുടർന്ന് കയറ്റുമതിയ്ക്കനുയോജ്യമായ കൃഷി രീതികൾ പ്രോത്സാഹിപ്പിച്ചു. 45 മെട്രിക് ടൺ പഴം-പച്ചക്കറി ഉൽപ്പന്നങ്ങൾ സിംഗപ്പൂർ, കുവൈറ്റ്, ലണ്ടൻ, ദുബായ് തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്തിട്ടുണ്ട്.<br><br>5. കേരളത്തിലെ കാർഷിക കയറ്റുമതിയുമായി ബന്ധപ്പെട്ട് സാങ്കേതികവും, അടിസ്ഥാന സൗകര്യങ്ങളിലുമുള്ള പോരായ്മകൾ മനസ്സിലാക്കുവാനും, കയറ്റുമതി പ്രോത്സാഹിപ്പിക്കുവാനുമുള്ള ഒരു പഠനം നടത്തി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നോഡൽഏജൻസി മുൻകൈ എടുത്ത് കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണിയിൽ പ്രവർത്തിക്കുന്ന ലാബിനെ അപേഡയുടെ കീഴിൽ നോട്ടിഫൈ ചെയ്യുന്നതിന് മുൻകൈ എടുത്തിട്ടുണ്ട്.<br><br>6. ദേശീയ തലത്തിൽ അപേഡ സംഘടിപ്പിക്കുന്ന യോഗങ്ങളിൽ പങ്കെടുക്കുകയും കൃഷി വകുപ്പ്, FIEO ഉൾപ്പെടെ കയറ്റുമതി രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിൽ ക്ലാസുകൾ കൈകാര്യം ചെയ്യുകയും ചെയ്തുവരുന്നു.<br><br>7. വാഴക്കും പൈനാപ്പിളിന്റെ പ്രോട്ടോകോൾ വികസനത്തിനുള്ള പ്രവർത്തനങ്ങളും ആരംഭഘട്ടത്തിലാണ്.<br><br>8. കൃഷി വകുപ്പിലേയും വി.എഫ്.പി.സി.കെ യിലേയും ഉദ്യോഗസ്ഥർക്ക് കയറ്റുമതി സംബന്ധമായ വിദഗ്ധ പരിശീലനം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റേഷൻ മാനേജ്മെന്റ്, ബാംഗ്ലൂരിൽ 2022 ജൂലൈ അവസാനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

പഴം-പച്ചക്കറി ഉല്പാദനത്തിൽ സുസ്ഥിര നേട്ടം കൈവരിക്കുന്നതിനായി വി.എഫ്.പി.സി.കെ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**1. സ്വാശ്രയ സംഘങ്ങളും സ്വാശ്രയ കർഷക സമിതികളും**

വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നവരും അടുത്തടുത്ത് താമസിക്കുന്നവരുമായ പതിനഞ്ചു മുതൽ ഇരുപതുവരെ കർഷകരെ അയൽപക്ക കൂട്ടായ്മയിൽ ഒരുമിച്ചു ചേർത്ത് രൂപീകരിക്കുന്ന സ്വാശ്രയ സംഘങ്ങളാണ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ അടിത്തറ. നാളിതുവരെ 10211 സ്വാശ്രയ സംഘങ്ങളിലായി 208194 കർഷകർ കൗൺസിലിൽ അംഗങ്ങളാണ് കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി 7 മുതൽ 15 വരെയുള്ള സ്വാശ്രയ സംഘങ്ങൾ ചേർന്ന് രൂപീകരിക്കുന്ന സ്വാശ്രയ കർഷക സമിതികളും കൗൺസിലിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. ഇത്തരത്തിൽ 289 സ്വാശ്രയ കർഷക സമിതികളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

**2. പങ്കാളിത്ത ഗവേഷണ പദ്ധതികൾ**

വിജ്ഞാന വ്യാപന ഉദ്യോഗസ്ഥരുടെയും ശാസ്ത്രജ്ഞരുടെയും സഹായത്തോടെ, നാട്ടറിവുകളും ശാസ്ത്രീയരീതികളും സംയോജിപ്പിച്ച് കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ കർഷകരിലേക്ക് എത്തിക്കുന്നതിന് പങ്കാളിത്ത ഗവേഷണ പദ്ധതികൾ, മാതൃകാകൃഷിതോട്ടങ്ങൾ, തീവ്രയത്നപരിപാടികൾ തുടങ്ങിയവ കൗൺസിൽ നടപ്പിലാക്കിവരുന്നു. കൃഷിയിടത്തിൽ തന്നെ കർഷകർക്ക് വിവിധങ്ങളായ പ്രശ്ന പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി കാർഷിക സർവ്വകലാശാലയിൽ നിന്നും കൗൺസിലിൽ നിന്നുമുള്ള വിദഗ്ധരടങ്ങുന്ന സംഘത്തിന്റെ ഫീൽഡ് സന്ദർശനങ്ങളും നടത്തി വരുന്നു.

**3. പച്ചക്കറി വിത്ത് സംസ്കരണ കേന്ദ്രം, ആലത്തൂർ**

ജനിതക ശുദ്ധിയും ഉല്പാദനക്ഷമതയുമുള്ള പച്ചക്കറി വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനും സംഭരിക്കുന്നതിനും അവ സംസ്കരിച്ച് വിതരണം നടത്തുന്നതിനുമായി പാലക്കാട് ജില്ലയിലെ ആലത്തൂരിലെ സീഡ് പ്രോസ്സസ്സിംഗ് പ്ലാന്റ് ശ്രദ്ധേയമായ പ്രവർത്തനമാണ് നടത്തി വരുന്നത്. കേരളത്തിൽ കൃഷി ചെയ്യുന്നതിന് അനുയോജ്യമായ 17 ഇനം പച്ചക്കറി വിത്തുകൾ ഇവിടെ നിന്നും വിതരണം ചെയ്യുന്നുണ്ട്. കൗൺസിലിന് കീഴിൽ വിത്തുൽപ്പാദനത്തിൽ പരിശീലനം സിദ്ധിച്ച കർഷകരാണ് വിത്ത് ഉൽപ്പാദിപ്പിക്കുന്നത്. ഈ വിത്തു സംസ്കരണശാലയിലെ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ലാബിൽ ശുദ്ധീകരിച്ച് അങ്കുരണശേഷി ഉറപ്പാക്കിയ ശേഷമാണ് വിതരണം ചെയ്യുന്നത്. കൗൺസിലിന്റെ ആലത്തൂർ വിത്തു സംസ്കരണ ശാലയോടനുബന്ധിച്ച് 100 ടൺ സംഭരണശേഷിയുള്ള വിത്തു സംഭരണകേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. പച്ചക്കറി ഫലവർഗ്ഗത്തൈകളുടെ യൂണിറ്റുകളും ഇവിടെ പ്രവർത്തിച്ചു വരുന്നുണ്ട്.

**4. ഹൈടെക് പച്ചക്കറി തൈ ഉൽപാദന കേന്ദ്രം, നടുക്കര**

സംസ്ഥാനത്ത് നടീൽ വസ്തുക്കളുടെ അഭാവം പരിഹരിക്കുന്നതിനുള്ള പദ്ധതികളുടെ ഭാഗമായി 2 കോടി ഉൽപാദനശേഷിയുള്ള ഹൈടെക് പച്ചക്കറി തൈ ഉൽപാദന കേന്ദ്രം എറണാകുളം നടുക്കരയിൽ പ്രവർത്തിച്ചു വരുന്നു.

**5. കൃഷി ബിസിനസ്സ് കേന്ദ്ര (കെ.ബി.കെ)**

കർഷകർക്ക് ഗുണമേന്മയുള്ള കർഷികോൽപാദനോപാധികൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി കൗൺസിലിനു കീഴിൽ കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ എറണാകുളത്തും

തിരുവനന്തപുരത്തും കാസർഗോഡും പ്രവർത്തിച്ചു വരുന്നു. ഈ കേന്ദ്രങ്ങളിൽ ഗുണമേന്മയുള്ള ഫലവൃക്ഷങ്ങളുടേയും പച്ചക്കറികളുടേയും തൈകളും വിത്തും വിൽപനയ്ക്കായി ഒരുക്കിയിട്ടുണ്ട്. ജൈവവളങ്ങൾ, ജൈവകീടനാശിനികൾ, കാർഷികോപകരണങ്ങൾ, ഗ്രോബാഗുകൾ, ചെടിചട്ടികൾ എന്നിവയും ഇവിടെ നിന്നും ലഭ്യമാണ്.

**6. മണ്ണ് പരിശോധന ലാബുകൾ**

ആലപ്പുഴ ജില്ലയിൽ തുറവൂരും, മലപ്പുറം ജില്ലയിൽ തിരുവാലിയിലും ആധുനിക സജ്ജീകരണങ്ങളോടു കൂടിയ മണ്ണ് പരിശോധന ലാബുകൾ പ്രവർത്തനക്ഷമമായിട്ടുണ്ട്. ഈ ലാബുകൾ മുഖേന മണ്ണ് പരിശോധന, ലീഫ് ടിഷ്യൂ അനാലിസിസ്, ജലഗുണ നിലവാര പരിശോധന, ജൈവവള ഗുണ നിലവാര പരിശോധന എന്നിവ ചെയ്തു വരുന്നു.

**7. ജൈവവള–ജൈവകീടനാശിനി യൂണിറ്റ്**

ജൈവ കൃഷി പ്രോത്സാഹനത്തിന് ആവശ്യാനുസരണം ഉൽപാദനോപാധികൾ ലഭ്യമാക്കുന്നതിന് കൗൺസിൽ ആസ്ഥാനത്ത് ഒരു ജൈവ വള ജൈവ കീടനാശിനി ഉല്പാദനയൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ജൈവവളം, ജീവാണുവളം, വളർച്ചാ ത്വരകങ്ങൾ, ജൈവകീടനാശിനികൾ എന്നിവയടങ്ങുന്ന സസ്യ സംരക്ഷണ ഉല്പാദനോപാധികളുടെ ഒരുനിര ഉല്പന്നങ്ങൾ ഈ യൂണിറ്റിൽ ഇപ്പോൾ ലഭ്യമാണ്. കൗൺസിലിന്റെ എറണാകുളം, തിരുവനന്തപുരം, കാസർഗോഡ് എന്നീ ജില്ലകളിലെ കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതികൾ എന്നിവ വഴി ഈ ജൈവഉൽപ്പന്നങ്ങൾ ലഭ്യമാക്കിവരുന്നു. ഈ കാലയളവിൽ IIHR Bangaluru ൽ നിന്നും വാഴയ്ക്കും, പച്ചക്കറികൾക്കും ഉള്ള മൈക്രോന്യൂട്രിയന്റ് ഉൽപാദനത്തിനുള്ള സാങ്കേതിക ജ്ഞാനവും, കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വാഴയ്ക്കുള്ള അയർ ഉപമൂലക, സൂക്ഷ്മമൂലക സാങ്കേതിക ജ്ഞാനവും നേടുകയും ഇവ ഉൽപാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ, ഓൺലൈൻ വിപണന രംഗത്തെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനായി www.vfpckonline.com എന്ന ഓൺലൈൻ പോർട്ടലും ആരംഭിച്ചിട്ടുണ്ട്.

**8. ടിഷ്യൂകൾച്ചർ ലബോറട്ടറി**

ആലത്തൂർ വിത്ത് സംസ്കരണശാലയോടനുബന്ധിച്ച് ടിഷ്യൂക്കൾച്ചർ ലാബോറട്ടറി പ്രവർത്തിച്ചുവരുന്നു. എറണാകുളം ജില്ലയിൽ കൗൺസിൽ ആസ്ഥാനത്തും ടിഷ്യൂകൾച്ചർ തൈകൾ ഉൽപാദിപ്പിക്കാനാവുന്ന ആധുനീക ടിഷ്യൂകൾച്ചർ ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കെ.എൽ.ഡി.സി യുടെ (കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്) മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്നു.

**9. ബയോകൺട്രോൾ ലാബ്**

വി.എഫ്.പി.സി.കെ യ്ക്ക് ആർ.കെ.വി.വൈ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ, അയിലൂരിൽ ജൈവരോഗകീടനിയന്ത്രണ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ ബയോകൺട്രോൾ ഉപാധികളുടെ ഉൽപാദന കേന്ദ്രവും അനുബന്ധ സൗകര്യങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. ഇതുവഴി ട്രൈകോഡെർമ, സ്യൂഡോമോണസ് തുടങ്ങിയ ബയോകൺട്രോൾ ഉപാധികൾ 100 മെട്രിക് ടൺ ഉൽപാദനം പ്രതിവർഷം നടത്തുവാൻ സാധിക്കും. കർഷകർക്ക് ഈ ലാബിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ ജൈവകൃഷിയ്ക്ക് പ്രയോജനപ്രദമാകും.

**10. സേഫ് ടു ഈറ്റ് /ജൈവകൃഷി**

സുരക്ഷിത ഭക്ഷ്യോൽപാദനം (സേഫ് ടു ഈറ്റ്) ലക്ഷ്യമാക്കി ജൈവകൃഷി പ്രാവർത്തികമാക്കുന്നതിന് പ്രാദേശിക കർഷക ഗ്രൂപ്പുകൾ രൂപീകരിക്കുകയും ഇവരുടെ കൃഷിയിടങ്ങളെ

ജൈവകൃഷിയിടങ്ങളായി പ്രഖ്യാപിക്കുകയും ചെയ്യുന്ന പാർട്ടിസിപ്പേറ്ററി ഗ്യരന്റി സിസ്റ്റം (പി.ജി.എസ്) സംവിധാനം കൗൺസിൽ നടപ്പിലാക്കി വരുന്നു. ജൈവ കൃഷി സാധ്യതകൾ മുൻ നിർത്തി ഗുണമേൻമയുള്ള ജൈവ ഉൽപാദനോപാധികളുടെ ഉൽപാദന-വിതരണം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും പി.കെ.വി.വൈ പദ്ധതി സഹായത്തോടെ ക്ലസ്റ്റർ രൂപീകരണവും ഇടുക്കി, മലപ്പുറം, കാസർഗോഡ്, എറണാകുളം, പാലക്കാട് ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

### 11. വായ്പാ പദ്ധതി

പങ്കാളിത്ത വായ്പാ പദ്ധതി വഴി സ്വാശ്രയ സംഘങ്ങളിലെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ വായ്പ യഥാസമയം ലളിതവും സുതാര്യവുമായ വ്യവസ്ഥകളോടെ ബാങ്കുകൾ വഴി കൗൺസിൽ ലഭ്യമാക്കുന്നു. ഇതിനായി 10 ബാങ്കുകളുമായി ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. കുറഞ്ഞ പലിശ നിരക്കിൽ കെ.സി.സി സ്കീം വഴി പ്രതിവർഷം 70 കോടിയോളം രൂപ കാർഷിക വായ്പയായി കർഷകർക്ക് ലഭ്യമാക്കുന്നു. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2% പലിശ സബ്സിഡിയും നല്കുന്നുണ്ട്. കർഷകർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി ആരോഗ്യ ഇൻഷുറൻസ്, അപകട ഇൻഷുറൻസ് പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

### 12. കർഷകപരിശീലനങ്ങൾ

കർഷകർക്ക് സാങ്കേതിക അറിവ് പകർന്നു നൽകുന്നതിനായി വിവിധങ്ങളായ പരിശീലന പരിപാടികളാണ് കൗൺസിൽ നടത്തിവരുന്നത്. സാങ്കേതിക വിദഗ്ധരുടേയും വിജ്ഞാന വ്യാപന ഉദ്യോഗസ്ഥരുടേയും മാസ്റ്റർ കർഷകരുടേയും സഹായത്തോടെ കർഷകരിലേക്ക് സാങ്കേതിക അറിവുകൾ എത്തിക്കുന്ന പരിശീലന പരിപാടികളാണ് ഇതിൽ പ്രധാനം. ഇതുകൂടാതെ പഠനയാത്രകൾ, സെമിനാറുകൾ, കർഷകസമ്പർക്ക പരിപാടികൾ, എക്സിബിഷനുകൾ എന്നിവയും കൗൺസിൽ നടപ്പിലാക്കുന്നുണ്ട്.

### 13. വിപണന സഹായം

കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 289 സ്വാശ്രയകർഷക സമിതികളാണ് വെജിറ്റബിൾ ആൻറ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ച വരുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. പ്രതിവർഷം 1 ലക്ഷം മെട്രിക് ടൺ പഴം പച്ചക്കറികളുടെ വിപണനം നടത്തി വരുന്നു.

### 14 . വിജ്ഞാന വ്യാപന കാർഷിക പ്രസിദ്ധീകരണങ്ങൾ

ആനുകാലിക കാർഷിക ലേഖനങ്ങൾ ഉൾപ്പെടുത്തി കൃഷിയങ്കണം ദ്വൈമാസിക കൗൺസിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിനു പുറമേ പഴം-പച്ചക്കറി ശാസ്ത്രീയ കൃഷി രീതികൾ, രോഗ- കീട നിയന്ത്രണ മാർഗ്ഗങ്ങൾ തുടങ്ങി ഇതര കൃഷി സംബന്ധിയായ പ്രസിദ്ധീകരണങ്ങളും ലഭ്യമാണ്.

### 15. ബ്രാൻറിങ്:

സുരക്ഷിത പഴം-പച്ചക്കറി വിപണന ശൃംഖല രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി കൗൺസിൽ തളിർ ബ്രാൻഡിൽറീട്ടേയിൽ വിപണനം നടത്തിവരുന്നു. തളിർ റീട്ടേയിൽഔട്ട് ലെറ്റുകൾ കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും കടപ്പാക്കടയിലും പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ, കൗൺസിലിന്റെ സ്വാശ്രയ കർഷക സമിതികളുടെ ആഭിമുഖ്യത്തിൽ കോട്ടയം ജില്ലയിലെ പാറത്തോട് ഒരു പഴം സംസ്കരണ യുണിറ്റും തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ, എറണാകുളം ജില്ലയിലെ കുറുമശ്ശേരി, തിരുവനന്തപുരം ജില്ലയിലെ കോവിൽനട, കോഴിക്കോട് ജില്ലയിലെ വെള്ളന്നൂരും കട്ട് വെജിറ്റബിൾ

യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഇടുക്കി ജില്ലയിൽ വി.എഫ്.പി.സി.കെ ആലക്കോട് സ്വാശ്രയ കർഷക സമിതി, വയനാട് ജില്ലയിലെ മുട്ടിൽ എന്നിവ കേന്ദ്രീകരിച്ച് ചക്ക വിപണനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചക്കയുടെ മൂല്യവർദ്ധനം സാധ്യമാക്കുന്നതിന് ഇടുക്കിയിലെ കലയന്താനിയിലും, വയനാട് ജില്ലയിലെ മുട്ടിലിലും മൂല്യവർദ്ധന യൂണിറ്റ് പ്രവർത്തിച്ചു വരുന്നു.

**16. പായ്ക്ക് ഹൗസ് :**

അപേഡയുടെ ധനസഹായത്തോടെ പഴം പച്ചക്കറി മേഖലയിൽ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന സംരംഭമാണ് സംസ്കരണ സംഭരണ കയറ്റുമതി കേന്ദ്രം. ഗുണനിലവാരമുള്ള പഴം പച്ചക്കറികൾ സംഭരിച്ച് കയറ്റുമതിക്ക് അനുയോജ്യമായ വിധത്തിൽ പായ്ക്ക് ചെയ്ത് വിപണിയിലെത്തിക്കുകയാണ് വി.എഫ്.പി.സി.കെ. ലക്ഷ്യമിടുന്നത്. 20 ടൺ/ദിനം സംസ്കരണ ശേഷിയുള്ളതാണ് ഈ പായ്ക്ക് ഹൗസ്. വയനാട് ജില്ലയിൽ കമ്മനത്ത് പായ്ക്ക് ഹൗസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അപേഡയുടെ രജിസ്ട്രേഷനും ലഭ്യമായിട്ടുണ്ട്. ഏകദേശം 420 മെട്രിക്ക് ടൺ ഉൽപ്പന്നങ്ങൾ ഇതു വഴി സംസ്കരിച്ച് കയറ്റുമതി നടത്തിയിട്ടുണ്ട്. മറ്റൊരെണ്ണം തൃശ്ശൂർ ജില്ലയിൽ പരിയാരത്ത് നിർമ്മാണം പൂർത്തിയാക്കി.

**17. റീബിൽഡ് കേരള പദ്ധതി:**

ഈ പദ്ധതിയുടെ ഭാഗമായി പഴം പച്ചക്കറി വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ചെയ്ത് പഴം പച്ചക്കറികൾ വിപണിയിലെത്തിക്കുന്നതിനും 'Strengthening Market Network in Kerala' എന്ന 15 കോടി രൂപയുടെ പദ്ധതി കൗൺസിൽ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കാക്കനാട് കേന്ദ്രമാക്കി വെജിറ്റബിൾ ആൻറ് ഫ്രൂട്ട് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സെന്റർ (വി.എഫ്.പി.എം.സി), 7 ജില്ലകളിൽ പഴം-പച്ചക്കറികളുടെ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതികൾ നടത്തുന്ന 63 തളിർ ഗ്രീൻ ഔട്ട് ലെറ്റുകൾ എന്നിവ ആരംഭിച്ചിട്ടുണ്ട്.

**18. കേരള ബ്രാൻഡ് പഴം-പച്ചക്കറികൾക്ക് താങ്ങു വില (AIP) :**

കേരള ബ്രാൻഡ് പഴം-പച്ചക്കറികൾക്ക് താങ്ങു വില അഗ്രികൾച്ചറൽ ഇൻസന്റീവ് പ്രൈസ് നടപ്പിലാക്കുന്നതിനുള്ള കേരള സർക്കാരിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇതിൽ വി.എഫ്.പി.സി.കെ യുടെ 250 സ്വാശ്രയ കർഷക സമിതികളാണ് കൃഷി വകുപ്പിന്റെ കീഴിൽ സംഭരണകേന്ദ്രങ്ങളായി പ്രവർത്തിക്കുന്നത്. ഇതോടൊപ്പം പല ജില്ലകളിലും വില ആധാരമാക്കുന്നതിനുള്ള റഫറൻസ് മാർക്കറ്റുകളായും വി.എഫ്.പി.സി.കെ സമിതികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഇത്തരത്തിൽ കർഷകർക്ക് 16 ഇനം പഴം-പച്ചക്കറി കിഴങ്ങുവർഗ്ഗ വിളകൾക്ക് താങ്ങ് വില നൽകുന്നതിനുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളിൽ കൗൺസിലിന് പ്രധാനപ്പെട്ട പങ്കാണുള്ളത്.

**19. ഫാർമർ പ്രൊഡ്യൂസർ കമ്പനി രൂപീകരണം**

സംസ്ഥാനത്ത് കാർഷിക ഉൽപാദക സംഘങ്ങളുടെ രൂപീകരണം വ്യാപിപ്പിക്കുവാനും, നിലവിലുള്ളവ ശാക്തീകരിക്കുന്നതിനും അതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി വി.എഫ്.പി.സി.കെ യുടെ കീഴിൽ 41 ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ വിപുലീകരിച്ച് കാര്യക്ഷമമാക്കുന്നതിന് 3 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വി.എഫ്.പി.സി.കെ രൂപീകരിച്ച 19 ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ പഴം-പച്ചക്കറി പ്രാഥമിക സംസ്കരണം, ജൈവ ഉൽപാദനോപാധികൾ ഉൽപാദനം, കയറ്റുമതി എന്നീ വാണിജ്യമേഖലകൾ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കൂടാതെ 13 ഫാർമർ

പ്രൊഡ്യൂസർ കമ്പനികൾ പഴം-പച്ചക്കറി മൂല്യവർദ്ധന സംരംഭങ്ങൾ ആരംഭിക്കുന്നതിനും, 2 എണ്ണം സുഗന്ധവ്യഞ്ജന വിളകളുടെ കയറ്റുമതി, മൂല്യവർദ്ധനം എന്നിവ ലക്ഷ്യമിട്ടും, 4 എണ്ണം കിഴങ്ങുവർഗ്ഗ വിളകളുടെ മൂല്യവർദ്ധനം ലക്ഷ്യമിട്ടും, ഓരോന്ന് വീതം ചക്ക, മാമ്പഴം, തേൻ എന്നിവയുടെ മൂല്യവർദ്ധനം ലക്ഷ്യമിട്ടും പ്രവർത്തിച്ചു വരുന്നു. ഇത്തരത്തിൽ ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെ രൂപീകരണത്തിനും ശാക്തീകരണത്തിനും കേരള സർക്കാർ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഫാർമർ പ്രൊഡ്യൂസർ കമ്പനി രൂപീകരണത്തിന് സി.ബി.ബി.ഒ ആയി കേരളത്തിലെ 5 ബ്ലോക്കുകളിൽ വി.എഫ്.പി.സി.കെ യെ സെൻട്രൽ എസ്.എഫ്.എ.സി നിയമിച്ചു.

**20.** കർഷക സംരംഭകത്വം വളർത്തുന്ന അഗ്രിക്ലിനിക്ക് ആന്റ് അഗ്രിബിസിനസ്സ് സെന്റർ പദ്ധിയുടെ MANAGE ഹൈദ്രാബാദിന്റെ നോഡൽ പരിശീലനകേന്ദ്രമായി വി.എഫ്.പി.സി.കെ യെ തെരഞ്ഞെടുത്തു.

ഇതിൻപ്രകാരം കാർഷിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നിതിന് MANAGE ഹൈദ്രാബാദിന്റെ സാങ്കേതിക സഹായത്തോടെ 45 ദിവസമുള്ള സംരംഭകത്വ പരിശീലനങ്ങൾ നടപ്പിലാക്കുന്നതാണ്. ഇതു വഴി സംരംഭകരെ വളർത്തിയെടുക്കാൻ സാധിക്കും.